ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:09.02.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-അമേരിക്ക സന്ദർശത്തിന് നാളെ തുടക്കം.

2. പരീക്ഷാപേ ചർച്ചയുടെ എട്ടാം പതിപ്പ് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും, അഞ്ച് കോടിയോളം വിദ്യാർത്ഥി അധ്യാപക രക്ഷകർതൃ സമൂഹവുമായി പ്രധാനമന്ത്രി സംവദിക്കും.

3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേരളം രാജ്യത്തിന് മാതൃകയെന്ന് മന്ത്രി എം ബി രാജേഷ്.

4. അപൂർവ രക്തദാതാക്കളെ തിരിച്ചറിയാനുള്ള റെയർ ബ്ലഡ് ഡോണർ രജിസ്ട്രി പുറത്തിറക്കി കേരളം.

5. 130-ാമത് മാരാമൺ കൺവെൻഷന് പമ്പാനദിക്കരയിൽ തുടക്കമായി, ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിന് പരിസമാപ്തി.

6. ഇംഗ്ലണ്ടിനെതിരായ രണ്ടാം ഏകദിനത്തിൽ ഇന്ത്യയ്ക്ക് 305 റൺസ് വിജയലക്ഷ്യം, ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ബംഗ്ളൂരു-ജംഷഡ്പൂർ പോരാട്ടം.

RNU TVPM

==============================================

<u>പ്രധാനമന്ത്രി - ഫ്രാൻസ് സന്ദർശനം</u>

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-അമേരിക്ക സന്ദർശത്തിന് നാളെ തുടക്കമാകും. ഇരു രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ തന്ത്രപരമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ സന്ദർശനം ഊന്നൽ നൽകും. ഈ മാസം 10 മുതൽ 12 വരെ ഫ്രാൻസ് സന്ദർശിക്കുന്ന പ്രധാനമന്ത്രി, പാരീസിൽ നടക്കുന്ന നിർമിതബുദ്ധി ഉച്ചകോടിയിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോയ്ക്കൊപ്പം സഹ-അധ്യക്ഷത വഹിക്കും. ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് ജനറലിന്റെ ഉദ്ഘാടനവും ശ്രീ നരേന്ദ്ര മോദി നിർവഹിക്കും. തുടർന്ന് രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി യു എസിലേക്ക് തിരിക്കും.

RAJU TVPM

==============================================

<u>പരീക്ഷാ പേ ചർച്ച</u>

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സംവേദനാത്മക പരിപാടിയായ പരീക്ഷാപേ ചർച്ചയുടെ എട്ടാം പതിപ്പ് നാളെ രാവിലെ 11- ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. ആത്മവിശ്വാസത്തോടെ പരീക്ഷകളെ നേരിടുന്നതിനുള്ള മികച്ച മാർഗങ്ങൾ പ്രധാനമന്ത്രി വിദ്യാർത്ഥികളുമായി പങ്കുവെയ്ക്കും. കൂടാതെ സമ്മർദ്ദങ്ങളുടെ നിയന്ത്രണം, വ്യക്തിഗത വളർച്ച എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ചകളും അദ്ദേഹം പങ്കിടും. എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 36 വിദ്യാർത്ഥികൾ പ്രധാനമന്ത്രിയുമായി നേരിട്ട് സംവദിക്കും. പുതുക്കിയ ഘടനയിൽ, എട്ട് ഭാഗങ്ങളായാണ് പരിപാടി സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ഉൾപ്പടെ 5 കോടിയിലധികം പേർ പരിപാടിയുടെ ഭാഗമാകും.

==========================================

## അപൂർവ രക്ത രജിസ്ട്രി

അപൂർവ രക്തദാതാക്കളെ തിരിച്ചറിയാനുള്ള റെയർ ബ്ലഡ് ഡോണർ രജിസ്ട്രി കേരള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ പുറത്തിറക്കി. കൊച്ചിയിൽ എല്ലാ സംസ്ഥാനങ്ങളിലേയും പ്രതിനിധികൾ പങ്കെടുത്ത ദേശീയ കോൺക്ലേവിലാണ് രജിസ്ട്രി പ്രകാശനം ചെയ്തത്. രജിസ്ട്രി രാജ്യത്താകെ വ്യാപിപ്പിക്കുമെന്ന് കേന്ദ്ര ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസസ് ഡയറക്ടർ അറിയിച്ചു. കൂടുതൽ രക്തദാതാക്കളെ ഉൾപ്പെടുത്തി രജിസ്ട്രി വിപുലപ്പെടുത്തുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളെ ഏകോപിപ്പിച്ചാണ് പദ്ധതി പൂർത്തിയാക്കിയത്.

==========================================

## എം.ബി രാജേഷ്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനം ഇന്ത്യയ്ക്ക് പുതിയ മാതൃക സൃഷ്ടിച്ചിരിക്കുകയാണെന്ന് മന്ത്രി എം.ബി രാജേഷ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിങ് ഏറ്റവും ഫലപ്രദമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണെന്നും മന്ത്രി പറഞ്ഞു. തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിങ്, പബ്ലിക് ഹിയറിങ് എന്നിവ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗ്രാമീണ മേഖലയ്ക്ക് പുറമേ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്ന പേരിൽ നഗരസഭാ പ്രദേശങ്ങളിലും പദ്ധതി നടപ്പിലാക്കി. തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി ഏർപ്പെടുത്തിയ

RNU TVPM

സംസ്ഥാനവും കേരളമാണെന്നും മന്ത്രി വ്യക്തമാക്കി.

========================================

**ശബരിമല വിമാനത്താവളം**

എരുമേലിയിലെ നിർദ്ദിഷ്ട ശബരിമല വിമാനത്താവള പദ്ധതിയുമായി മുന്നോട്ടു പോകാമെന്ന് സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട്. വിമാനത്താവളം മൂലം നാടിനു ഉണ്ടാകുന്ന സാമ്പത്തിക സാമൂഹിക പ്രയോജനങ്ങൾ , സംമൂഹിക ആഘാതത്തെക്കാൾ കൂടുതലാണെന്നാണ് ഒൻപത് അംഗ സമിതി വിലയിരുത്തുന്നത് . ഭൂമിയും ഉപജീവമാർഗ്ഗവും നഷ്ടമാകുന്നവർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം നൽകണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല ,എരുമേലി തെക്കു വില്ലേജുകളിലായി 245 പേരുടെ ഭൂമിയും ചെറുവള്ളി എസ്റ്റേറ്റുമാണ് വിമാനത്താവളത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

RNU TVPM

========================================

**ആലപ്പുഴ റോഡ് - (ഇൻട്രോ)**

ആലപ്പുഴ -ചങ്ങനാശ്ശേരി റോഡിൻറെ
അന്തിമ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ
വേഗത്തിൽ പുരോഗമിക്കുന്നു. പ്രളയത്തെ അതിജീവിക്കാൻ കരുത്തുള്ള റോഡ് നാല് മാസത്തിനുള്ളിൽ പൂർണമായും തുറന്നു നൽകാനാണ് ലക്ഷ്യമിടുന്നത്.
വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ

**(ഹോൾഡ്-വോയ്സ്..........)**

========================================

**<u>രാഷ്ട്രപതി - മഹാകുംഭ്</u>**

രാഷ്ട്രപതി ദ്രൗപദി മുർമു നാളെ പ്രയാഗ്‌രാജിലെ മഹാകുംഭ മേള സന്ദർശിക്കും. ത്രിവേണി സംഗമത്തിൽ പുണ്യസ്നാനം നടത്തുന്ന രാഷ്ട്രപതി പ്രയാഗ് രാജിലെ അക്ഷയവത് , ഹനുമാൻ ക്ഷേത്രം എന്നിവിടങ്ങളിൽ പൂജയും ദർശനവും നടത്തും.

==========================================

**<u>ബ്രേക്ക്..........</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

==========================================

**<u>മണിപ്പൂർ - മുഖ്യമന്ത്രി</u>**

മണിപ്പൂർ മുഖ്യമന്ത്രി എൻ ബീരേൻ സിങ് രാജിവെച്ചു. ഇംഫാലിലെ രാജ്ഭവനിൽ എത്തി ഗവർണർ അജയ് കുമാർ ഭല്ലയ്ക്ക് അദ്ദേഹം രാജിക്കത്ത് കൈമാറി. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി അദ്ദേഹം ഇന്ന് കൂടിക്കാഴ്ച നടത്തിയിരുന്നു.

RNU TVPM

==========================================

**<u>ഊർജ്ജമേള സമാപനം</u>**

എനർജി മാനേജ്മെൻറ് സെൻററിൻറെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം തൈക്കാട് പോലീസ് ഗ്രൗണ്ടിൽ മൂന്നു ദിവസമായി നടന്ന കേരള രാജ്യാന്തര ഊർജമേള സമാപിച്ചു. എനർജി മാനേജ്മെൻറ് സെൻറർ ഫൗണ്ടർ ഡയറക്ടർ പ്രൊഫ. വി കെ ദാമോദരൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ജീവിത ശൈലിയിലുള്ള മാറ്റത്തിലൂടെ ഊർജ സംരക്ഷണത്തിന് ആക്കം കൂട്ടാമെന്നും ഊർജമേഖലയിൽ അപ്രതീക്ഷിത മാറ്റങ്ങൾ ഉണ്ടാകുമ്പോൾ പകച്ചുനിൽക്കാതെ പരിഹാരം കണ്ടെത്താൻ വിദ്യാർത്ഥികൾക്ക് പരിശീലനം

നൽകേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഊർജമേളയുടെ ഭാഗമായി നടന്ന ക്വിസ് മത്സരങ്ങളിലെ വിജയികൾക്ക് അദ്ദേഹം സമ്മാനങ്ങൾ വിതരണം ചെയ്തു.

==========================================

**മാരാമൺ കൺവെൻഷൻ - (ഇൻട്രോ)**

130-ാമത് മാരാമൺ കൺവെൻഷന് തുടക്കമായി.
കോഴഞ്ചേരി മാരാമൺ പമ്പാനദിക്കരയിൽ 16 വരെ നടക്കുന്ന
കൺവെൻഷൻ മാർത്തോമ്മാ സഭാധ്യക്ഷൻ ഡോ.
തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം
ചെയ്തു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

**(വോയിസ്.....)**

==========================================

**ചെറുകോൽപ്പുഴ**

ഏഴ് ദിനങ്ങളായി പമ്പാ മണൽ പുറത്തെ വിദ്യാധിരാജ നഗറിൽ നടന്നു വന്ന ചെറുകോൽപുഴ ഹിന്ദുമത പരിഷത്തിനു സമാപനമായി. വൈകിട്ട് നടന്ന സമാപന സഭയുടെ ഉദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവഹിച്ചു.
പമ്പയിൽ വിവിധ ആശ്രമങ്ങളിലെ സന്യാസി ശ്രേഷ്ഠരുടെയും, സാംസ്കാരിക നായകന്മാരുടെയും, വിവിധ ഹിന്ദു സമുദായങ്ങളുടെ നേതാക്കളുടെയും സാന്നിധ്യത്തിൽ ഇപ്പോൾ നടക്കുന്ന പമ്പ ആരതിയോടെയാണ് പരിഷത്തിനു സമാപനമാകുന്നത്.

==========================================

RNU TVPM

## സി വി ആനന്ദബോസ്

മറ്റുള്ളവരുടെ വേദനകളിൽ പങ്കുചേർന്ന് അവരെ സഹായിക്കുക എന്നതാണ് ക്രിസ്തുവും, ബുദ്ധനും പകർന്നു നൽകിയ ദർശനമെന്ന് പശ്ചിമ ബംഗാൾ ഗവർണർ സി.വി ആനന്ദബോസ്. സഹോദരൻ എന്ന ജീവകാരുണ്യ പദ്ധതിയിലൂടെ മലങ്കര ഓർത്തഡോക്സ് സഭയും, പരിശുദ്ധ കാതോലിക്കാബാവായും ആ ദർശനത്തെ പൂർണതയിലെത്തിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭയുടെ ജീവകാരുണ്യ പദ്ധതിയുടെ മൂന്നാം വാർഷികം കോട്ടയം ദേവലോകം അരമനയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

RNU TVPM

=======================================

## ഐ.എസ്.എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ ബംഗളൂരു , ജംഷഡ്പൂരുമായി ഏറ്റുമുട്ടും. ബെംഗളൂരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിലാണ് മത്സരം.

=======================================

## ക്രിക്കറ്റ്

ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്ക് 305 റൺസ് വിജയലക്ഷ്യം. മത്സരം അവസാനിക്കാൻ ഒരു പന്ത് ശേഷിക്കെ ഇംഗ്ലണ്ട് 304 റൺസിന് എല്ലാവരും പുറത്തായി. അർധ സെഞ്ചുറി നേടിയ ബെൻ ഡക്കറ്റും ജോ റൂട്ടുമാണ് സന്ദർശകരെ മികച്ച സ്കോറിലെത്തിച്ചത്. ഇന്ത്യക്കായി രവീന്ദ്ര ജഡേജ മൂന്ന് വിക്കറ്റ് വീഴ്ത്തി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 6 ഓവറിൽ 48 റൺ നേടിയിട്ടുണ്ട്.

==========================================

## ദേശീയ ഗെയിംസ്

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇന്ന് 5 മെഡലുകൾ. ഒരു സ്വർണം, രണ്ട് വെള്ളി, മൂന്ന് വെങ്കലം എന്നിവയാണ് ഇന്ന് കേരളം കരസ്ഥമാക്കിയത്. ഡെക്കാത്തലണിൽ എൻ തൗഫീക്കാണ് സ്വർണം നേടിയത്.

==========================================

## ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പ് - കണ്ണൂർ

സംസ്ഥാന അന്തർജില്ലാ ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പിൻറെ സീനിയർ വിഭാഗം മത്സരങ്ങൾ കണ്ണൂർ കക്കാട്

മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

ദ്രോണാചാര്യ അവാർഡ് ജേതാവ്

എസ് മുരളീധരനെ ചടങ്ങിൽ മന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു.

RNU TVPM

====================

=============================

==========================================